"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - ആനക്കുടി മുളവന ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീ. ബിജു തോമസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 10391/2019 മേലുള്ള 03/03/2025 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.981/2026/GEDN തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. റിട്ട് ഹർജി 10391/2019 മേലുള്ള 03/03/2025 ലെ വിധിന്യായം.
2. റിട്ട് ഹർജി റിട്ട് ഹർജി 10391/2019 മേലുള്ള 03/03/2025 ലെ വിധിന്യായ പ്രകാരം ശ്രീ.ബിജു തോമസ് സമർപ്പിച്ച 17/03/2025-ലെ റിവിഷൻ ഹർജി.
3. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/04/2025-ലെ DEOATL/955/2023-B3 നമ്പർ കത്ത്.
4. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28/04/2025-ലെ DDETVM/3904/2023-B4 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/04/2025-ലെ ഇ.റ്റി.5/7427/2025/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആനക്കുടി മുളവന ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീ. ബിജു തോമസ് ഫയൽ ചെയ്ത റിട്ട് ഹർജി 10391/2019 മേലുള്ള 03.03.2025 ലെ വിധിന്യായത്തിൽ എക്സിബിറ്റ് പി-8 സർക്കാർ ഉത്തരവ് [സ.ഉ.(സാധാ)നം.307/2019/പൊ.വി.വ. തീയതി 24.01.2019] റദ്ദ് ചെയ്യുകയും ടി ഗവൺമെന്റ് ഉത്തരവിലെ നോട്ട് ഫയലിലെ (എക്സിബിറ്റ് പി-9) പരാമർശ പ്രകാരം സർക്കാരിൽ വീണ്ടും ഹർജി സമർപ്പിക്കുവാനും ടി ഹർജിയുടെ വെളിച്ചത്തിൽ ഹർജിക്കാരന്റെ കേസും Ext.P9 ഹിയറിംഗ് കുറിപ്പുകളും സർക്കാർ വീണ്ടും പരിഗണിച്ച് നിയമാനുസൃതമായി ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാനും ബഹു. കോടതി ഉത്തരവാകുകയുണ്ടായി.

2.ടി വിഷയത്തിന്മേലുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ആനാകുടി മുളവന വി.എച്ച്.എസ്.എസിലെ 2001-02 വർഷത്തെ അധിക തസ്തികയിൽ മാനേജർ ശ്രീ.ബിജു തോമസിനെ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ 10.07.2001 മുതൽ നിയമിക്കുകയും ടി നിയമനം 15.07.2001 മുതൽ 18.09.2004 തീയതിയിലെ ബി3/704/2004/ഡിഡിസ് ഉത്തരവ് പ്രകാരം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു.

ടി തസ്തികയിൽ തുടർന്ന് വരവെ 2003-04 വർഷത്തെ തസ്തിക നിർണ്ണയത്തിൽ എച്ച്.എസ് വിഭാഗത്തിൽ 4 ഡിവിഷൻ കുറവ് വരികയും ആയത് പ്രകാരം 4 എച്ച്.എസ്.ടി കോർ വിഷയങ്ങളും, ഒരു എച്ച്.എസ്.ടി മലയാളം തസ്തികയും കുറഞ്ഞു. 2003-04 വർഷം 1:40 അനുവദിച്ചാൽ ടിയാന് അനുപാതത്തിൽ കുറവ് വരുത്തി ടി സ്കൂളിൽ തന്നെ നിലനിൽക്കാവുന്നതാണെന്നും ടി ആനുകൂല്യം 2010-11 വരെ നിലനിന്നിരുന്നതായും തനിയ്ക്ക് കൂടി പ്രസ്തുത ആനുകൂല്യം നൽകണമെന്നുമാണ് ആവശ്യം.

26.07.1999 തീയതിയിലെ സ.ഉ.(പി)നം.175/99/GEdn നമ്പർ ഉത്തരവ് പ്രകാരമാണ് അധ്യാപക - വിദ്യാർത്ഥി അനുപാതം 1:45 എന്നത് 1:40 ആക്കി ഉത്തരവ് നൽകിയിട്ടുള്ളത്. തുടർന്ന് G.O.(Ms)No.240/2000/GEdn Dated 24.07.2000 അനുസരിച്ച് സംരക്ഷണം നൽകുന്നതിന് വ്യക്തത വരുത്തി ഉത്തരവായിരുന്നു. എന്നാൽ G.O.(P)No.338/2004/GEdn Dated 10.11.2004 ഉത്തരവ് പ്രകാരം G.O.(Ms)No.240/2000/GEdn ഉത്തരവിലെ പാര 1(i) പ്രകാരം നൽകിയ ഇളവ് റദ്ദ് ചെയ്ത് ഉത്തരവായി. തുടർന്ന് കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജികളുടെ വിധിയുടെ അടിസ്ഥാനത്തിൽ 2002-03, 2003-04, 2004-05 വർഷങ്ങളിലേയ്ക്ക് കൂടി 1:40 അനുവദിച്ച് കൊണ്ട് 02.05.2005 തീയതിയിലെ 11/J2/2005/GEdn നമ്പർ സർക്കുലർ പ്രകാരം ഉത്തരവായി. ആയതിനാൽ 2003-04 മുതൽ 2004-05 വരെ അനുപാതം 1:40 എന്നത് അനുവദനീയമാണ് എന്ന് കാണുന്നു. 2003-04 വർഷം സ്കൂളിൽ 1:40 അനുപാതം അനുവദിച്ചാൽ അനുവദിക്കാൻ കഴിയുന്ന ഡിവിഷനുകൾ ഇപ്രകാരമാണ്.

| Class | VIII | IX | X | Total |
|---|---|---|---|---|
| Effective Strength | 101 | 135 | 142 | 378 |
| No. of Class Divisions Admissible in 1:45 ratio | 3 | 3 | 4 | 10 |
| No of Divisions existed in Previous year | 4 | 5 | 5 | 14 |
| No. of Class Divisions Admissible in 1:40 ratio | 3 | 4 | 4 | 11 |

മുൻവർഷം (2002-03) ഉണ്ടായിരുന്ന 14 ഡിവിഷനുകൾ 10 ആയി എച്ച്.എസ്.ടി. (പി.എസ്)-1, എച്ച്.എസ്.ടി. (ഗണിതം)-1, എച്ച്.എസ്.ടി. (ഇംഗ്ലീഷ്)-1, എച്ച്.എസ്.ടി. (എസ്.എസ്)-1, എന്നീ തസ്തികകളാണ് കുറവ് വന്നിട്ടുള്ളതെന്ന് കാണുന്നു. അധ്യാപക - വിദ്യാർത്ഥി അനുപാതം 1:45 എന്നത് 1:40 ആയി കുറവ് ചെയ്യുമ്പോൾ ഒരു എച്ച്.എസ്.ടി (ഗണിതം) തസ്തിക കൂടി താൽക്കാലികമായി അനുവദിക്കാൻ കഴിയും എന്ന് കാണുന്നു. ടി തസ്തികയിൽ പരാതിക്കാരനെ 15.07.2003 മുതൽ 14.07.2004 വരെ നിലനിർത്താൻ കഴിയുമെന്ന് എന്ന് കാണുന്നു.

തുടർന്ന് 2004-05 വർഷം തസ്തിക നിർണ്ണയത്തിൽ 1:40 അനുപാതത്തിലും പരാതിക്കാരന് നിലനിൽക്കാൻ കഴിയില്ല. ആയതിനാൽ തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോകേണ്ട

സാഹചര്യമാണ്.

2005-06 വർഷം എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധ്യാപകനായിരുന്ന ശ്രീ.അനിൽ കുമാർ സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് രാജി വെച്ച ഒഴിവിൽ കെ.ഇ.ആർ അധ്യായം XIVA ചട്ടം 51A അവകാശിയായതിനാൽ മാനേജർ ടിയാനെ 13.06.2005 മുതൽ പുനർ നിയമനം നടത്തി. എന്നാൽ G.O.(Ms) No.11/2002/GEDN തീയതി 07.11.2002 പ്രകാരമുള്ള വിഷയാനുപാതം പാലിച്ചില്ല എന്ന് സൂചിപ്പിച്ച് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ച് നൽകി. തുടർന്ന് 01.06.2009 മുതൽ ശ്രീ.ബിജു തോമസിനെ അതേ ഒഴിവിൽ നിയമിച്ചതായി കാണുന്നു. പ്രസ്തുത നിയമനം അംഗീകരിക്കുന്നതിനായി ടിയാൻ ബഹു. ഹൈക്കോടതിയിൽ WP(C) No.18891/2011 ഫയൽ ചെയ്യുകയും ആയതിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 01.06.2009 മുതൽ തുടർച്ചയായി ജോലി നോക്കിയിട്ടുണ്ട്. 2015-16 വർഷം തസ്തിക നിർണ്ണയത്തിൽ ടിയാന് വീണ്ടും തസ്തിക നഷ്ടപ്പെടുകയും 29.01.2016 തീയതിയിലെ സ.ഉ.(പി) നം.29/2016/പൊവിവ സംരക്ഷണാനുകൂല്യമുള്ളതിനാൽ പുനർവിന്യസിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

07.01.2002 തീയതിയിലെ ജി.ഒ.(എം.എസ്) നം.11/2002/പൊവിവ പ്രകാരം ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി പ്രത്യേക കേഡർ കോർ വിഷയത്തിൽ നിന്നും അനുവദിക്കാനും അങ്ങനെ അനുവദിക്കുന്നതിന്റെ ഭാഗമായി കോർ വിഷയത്തിൽ തസ്തിക നഷ്ടപ്പെടരുതെന്ന് മാത്രമാണ് ഖണ്ഡിക 3(a) പ്രകാരം പറയുന്നത്. ശ്രീ.ബിജുതോമസ് തസ്തിക നഷ്ടം സംഭവിച്ച് പുറത്തായിട്ടുള്ളത് കുട്ടികൾ കുറഞ്ഞതിനെ തുടർന്നാണ്. ആയതിനാൽ ഖണ്ഡിക 3(a) യുടെ സംരക്ഷണത്തിന് ടിയാൻ അർഹനല്ല. 17.06.2009 ലെ ജി.ഒ.(പി) നം.132/09/പൊ.വി.വ. പ്രകാരം 17.11.2002 ന് മുമ്പുള്ള ചട്ടം 51 A അവകാശികൾക്ക് പഴയ വിഷയാനുപാത പ്രകാരം (1:1:1) HST (മാത്സ്) വിഷയത്തിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ ശ്രീ ബിജു തോമസിന് സംരക്ഷണം നൽകിയിരുന്നില്ല. ഈ സാഹചര്യത്തിൽ 15.07.2003 മുതൽ 14.07.2004 വരെയും 13.06.2005 മുതൽ 30.05.2009 വരെയും നിയമനാംഗീകാരം വേണമെന്ന ശ്രീ ബിജു തോമസിന്റെ അപേക്ഷ സർക്കാർ തന്നെ പരിഗണിച്ച് നിരവധി തവണ നിരസിച്ചിട്ടുള്ളതാണ്."

3.പ്രസ്തുത വിഷയം സംബന്ധിച്ച് അന്നത്തെ ഡപ്യൂട്ടി സെക്രട്ടറി ബന്ധപ്പെട്ടവരെ 20/10/2018 ൽ നേരിൽ കേൾക്കുകയും താഴെ പറയും പ്രകാരം ഹീയറിംഗ് നോട്ട് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. (എക്സിബിറ്റ് പി-8)

"2002-2003 വർഷം 14 ഡിവിഷനുകൾ നിലനിന്നിരുന്നു. 2003-2004-ൽ 10 എണ്ണം ആയി കുറഞ്ഞു. എന്നാൽ സ്റ്റാൻഡേർഡ് IX-ൽ 135 കുട്ടികൾ ഉണ്ടായിരുന്നതിനാൽ 1:40 പ്രകാരം മുൻവർഷം ഉണ്ടായിരുന്ന ഒരു അദ്ധ്യാപകനെ നിലനിർത്താവുന്നതാണ്. നാല് എച്ച്.എസ്.എ ഗണിതം ഉള്ളതിൽ 3 പേരെ ഗണിതത്തിന്റെ റഗുലർ തസ്തികയിലും ഒരാളെ, ശ്രീമതി മേഴ്സി മാത്യുവിന് എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിലും നിലനിർത്താവുന്നതാണ്. ശ്രീമതി മേഴ്സി മാത്യു ഇംഗ്ലീഷ് തസ്തിക ഉണ്ടായത് മുതൽ ഇംഗ്ലീഷ് തസ്തികയിൽ തന്നെയാണ് നിലനിൽക്കുന്നത്. ഇംഗ്ലീഷ് തസ്തികയിൽ നിലനിൽക്കുന്ന അദ്ധ്യാപികയ്ക്ക് അവിടെ തന്നെ നിലനിൽക്കാവുന്നതാണ്. ഇംഗ്ലീഷിന്റെ തസ്തികയിൽ കുറവ് വന്നിട്ടുമില്ല. ഒരു തസ്തികയിൽ ഒരാൾ മാത്രമേ സേവനം അനുഷ്ഠിച്ചിട്ടുമുള്ളു. അതുകൊണ്ട്തന്നെ ഹർജിക്കാരൻ 1:40 അനുപാതത്തിൽ നിലനിൽക്കുവാൻ അർഹനാണെന്ന് കാണുന്നു. ഇത് ആറ്റിങ്ങൽ ഡി.ഇ.ഒ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഈ തസ്തിക 14.07.2004 വരെ നിലനിൽക്കുന്നതാണ്.

2004-2005 വർഷം ഹർജിക്കാരന് നിലനിൽക്കാൻ ഒഴിവില്ല. തസ്തികയില്ലാതെ സേവനം അനുഷ്ഠിച്ചുവെന്നത് കണക്കിലെടുത്ത് ശമ്പളം നൽകാൻ കഴിയില്ല. അതിനാൽ ഈ കാലയളവ് ശൂന്യവേതനാവധിയായി കണക്കാക്കി ക്രമീകരിക്കാവുന്നതാണ്. 13.06.2005 മുതൽ എച്ച്.എസ്.എ ഇംഗ്ലീഷ് ആയിരുന്ന ശ്രീ അനിൽകുമാർ രാജി വച്ചതിനെ തുടർന്ന് 16.11.2002-ന് മുമ്പ് റഗുലർ സർവ്വീസിൽ ഉണ്ടായിരുന്നവരുടെ പുനർ നിയമനത്തിന് വിഷയാനുപാതം 1:1:1:1 പാലിക്കാതെ ജി.ഒ(എം.എസ്)11/2002/പൊ.വി.വ നമ്പർ 07.01.2002-ലെ ഉത്തരവിന്റെ clause 3a സംരക്ഷണത്തിന് അർഹരാണ്. ഈ തസ്തികയിൽ ഹർജിക്കാരന് നിലനിർത്തി 31.05.2009 വരെ നാദിറ Vs സംസ്ഥാന സർക്കാർ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് മറ്റ് തരത്തിൽ ക്രമപ്രകാരമാണെങ്കിൽ നിയമനം അംഗീകരിക്കുവാൻ ഡി.ഇ.ഒ-യ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്."

7.1.2002 ലെ ജി.ഒ.(എം.എസ്)നം.11/02 പ്രകാരം ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി പ്രത്യേക കേഡർ അനുവദിക്കുന്നതിന്റെ ഭാഗമായി മറ്റ് എച്ച്.എസ്.എ. (കോർ സബ്ജക്ട്)മാരുടെ തസ്തിക നഷ്ടപ്പെടരുതെന്ന് മാത്രമാണ് ഖണ്ഡിക 3(a) യിൽ നിഷ്കർഷിച്ച് കാണുന്നത് എന്നതിനാൽ ടി വിഷയം വീണ്ടും പരിശോധിക്കുകയുണ്ടായി.

ഇവിടെ യഥാർത്ഥത്തിൽ കുട്ടികൾ കുറഞ്ഞതിനെ തുടർന്ന് തസ്തിക നഷ്ടം വന്നതിനെ തുടർന്നാണ് ശ്രീ.ബിജു തോമസ് പുറത്താവുന്നത് ആയതിനാൽ ഖണ്ഡിക 3(a) യുടെ സംരക്ഷണത്തിന് ടിയാൻ അർഹനല്ല. 17.6.2009 ലെ ജി.ഒ.(പി)132/09 പ്രകാരം 17.11.2002 ന് മുമ്പുള്ള 51A അവകാശികൾക്ക് പഴയ വിഷയാനുപാതപ്രകാരം (1:1:1) അതത് വിഷയങ്ങളിൽ ഒഴിവ് വന്നാൽ പുനർ നിയമനം നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ അതനുസരിച്ചും മാത്സ് വിഷയത്തിൽ തസ്തിക ലഭ്യമല്ലാത്ത സാഹചര്യത്തിൽ ശ്രീ.ബിജു തോമസിന് സംരക്ഷണം നൽകാനാകില്ല.

മേൽ സാഹചര്യത്തിലാണ് 15.07.2003 മുതൽ 14.07.2004 വരെയും 13.06.2005 മുതൽ 31.05.2009 വരെയും നിയമനാംഗീകാരം വേണമെന്ന ശ്രീ. ബിജു തോമസിന്റെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് എക്സിബിറ്റ് പി-8 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ. (സാധാ)നം.307/2019/പൊ.വി.വ. തീയതി 24.01.2019).

ശ്രീ.ബിജു തോമസ് സമർപ്പിച്ച റിവിഷൻ ഹർജിയുടേയും ടിയാൻ ഫയൽ ചെയ്ത റിട്ട് ഹർജി 10391/2019 ന്മേലുള്ള 03.03.2025 ലെ വിധിന്യായത്തിന്റെയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും നിലവിവുള്ള ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ടി വിഷയം പരിശോധിച്ചു. 2003-2004 വർഷം 1:40 അനുപാതത്തിൽ നിലനിർത്തിയും 13-06-2005 മുതൽ 31-05-2009 വരെ തുടർച്ചയായും എച്ച്.എസ്.റ്റി. (ഗണിതം) ആയി അംഗീകരിക്കുവാൻ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ആനാകുടി മുളവന വി.എച്ച്.എസ്.എസിലെ 2001-02 വർഷത്തെ അധിക തസ്തികയിൽ മാനേജർ ശ്രീ.ബിജു തോമസിനെ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ 10.07.2001 മുതൽ നിയമിക്കുകയും ടി നിയമനം 15.07.2001 മുതൽ 18.09.2004 തീയതിയിലെ ബി3/704/2004/ഡിഡിസ് ഉത്തരവ്

പ്രകാരം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. ടി തസ്തികയിൽ തുടർന്ന് വരവെ 2003-04 വർഷത്തെ തസ്തിക നിർണ്ണയത്തിൽ എച്ച്.എസ് വിഭാഗത്തിൽ 4 ഡിവിഷൻ കുറവ് വരികയും ആയത് പ്രകാരം 4 എച്ച്.എസ്.ടി കോർ വിഷയങ്ങളും, ഒരു എച്ച്.എസ്.ടി മലയാളം തസ്തികയും കുറഞ്ഞു.

02.05.2005 തീയതിയിലെ 11/J2/2005/GEdn നമ്പർ സർക്കുലർ പ്രകാരം 2002-03, 2003-04, 2004-05 വർഷങ്ങളിലേയ്ക്ക് കൂടി 1:40 അനുവദിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. ആനാകുടി മുളവന വി.എച്ച്.എസ്.എസിലെ അധ്യാപക - വിദ്യാർത്ഥി അനുപാതം 1:45 എന്നത് 1:40 ആയി കുറവ് ചെയ്യുമ്പോൾ ഒരു എച്ച്.എസ്.ടി (ഗണിതം) തസ്തിക കൂടി താൽക്കാലികമായി അനുവദിക്കാൻ കഴിയും എന്ന് കാണുന്നുവെന്നും ടി തസ്തികയിൽ പരാതിക്കാരനെ 15.07.2003 മുതൽ 14.07.2004 വരെ നിലനിർത്താൻ കഴിയുമെന്ന് എന്ന് കാണുന്നുവെന്നും തുടർന്ന് 2004-05 വർഷം തസ്തിക നിർണ്ണയത്തിൽ 1:40 അനുപാതത്തിലും പരാതിക്കാരന് നിലനിൽക്കാൻ കഴിയില്ല എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2005-06 വർഷം എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധ്യാപകനായിരുന്ന ശ്രീ.അനിൽ കുമാർ സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് രാജി വെച്ച ഒഴിവിൽ കെ.ഇ.ആർ അധ്യായം XIVA ചട്ടം 51A അവകാശിയായതിനാൽ മാനേജർ ടിയാനെ 13.06.2005 മുതൽ പുനർ നിയമനം നടത്തി എന്നും എന്നാൽ G.O.(Ms)No.11/2002/GEDN തീയതി 07.11.2002 പ്രകാരമുള്ള വിഷയാനുപാതം പാലിച്ചില്ല എന്ന് സൂചിപ്പിച്ച് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ച് നൽകി എന്നും തുടർന്ന് 01.06.2009 മുതൽ ശ്രീ.ബിജു തോമസിനെ അതേ ഒഴിവിൽ നിയമിച്ചതായി കാണുന്നുവെന്നും പ്രസ്തുത നിയമനം ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.18891/2011 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 01.06.2009 മുതൽ അംഗീകരിച്ച് നൽകിയെന്നും 01.06.2009 മുതൽ ടിയാൻ തുടർച്ചയായി ജോലി നോക്കിയിട്ടുണ്ട് എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുൻവർഷം (2002-03) ഉണ്ടായിരുന്ന 14 ഡിവിഷനുകൾ 10 ആയി എച്ച്.എസ്.ടി. (പി.എസ്)-1, എച്ച്.എസ്.ടി. (ഗണിതം)-1, എച്ച്.എസ്.ടി.(ഇംഗ്ലീഷ്)-1, എച്ച്.എസ്.ടി. (എസ്.എസ്)-1, എന്നീ തസ്തികകളാണ് കുറവ് വന്നിട്ടുള്ളതെന്ന് കാണുന്നു എന്നും അധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 എന്നത് 1:40 ആയി കുറവ് ചെയ്യുമ്പോൾ ഒരു എച്ച്.എസ്.ടി (ഗണിതം) തസ്തിക കൂടി താൽക്കാലികമായി അനുവദിക്കാൻ കഴിയും എന്ന് കാണുന്നു എന്നും ടി തസ്തികയിൽ പരാതിക്കാരനെ 15.07.2003 മുതൽ 14.07.2004 വരെ നിലനിർത്താൻ കഴിയുമെന്ന് കാണുന്നു എന്നും 07.01.2002 തീയതിയിലെ ജി.ഒ.(എം.എസ്)നം.11/2002/പൊവിവ പ്രകാരം ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി പ്രത്യേക കേഡർ കോർ വിഷയത്തിൽ നിന്നും അനുവദിക്കാനും അങ്ങനെ അനുവദിക്കുന്നതിന്റെ ഭാഗമായി കോർ വിഷയത്തിൽ തസ്തിക നഷ്ടപ്പെടരുതെന്ന് മാത്രമാണ് ഖണ്ഡിക 3(a) പ്രകാരം പറയുന്നത് എന്നും ശ്രീ.ബിജുതോമസ് തസ്തിക നഷ്ടം സംഭവിച്ച് പുറത്തായിട്ടുള്ളത് കുട്ടികൾ കുറഞ്ഞതിനെ തുടർന്നാണ് എന്നും ആയതിനാൽ ഖണ്ഡിക 3(a) യുടെ സംരക്ഷണത്തിന് ടിയാന് അർഹനല്ല എന്നുമാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ഹർജിക്കാരനെ 15.07.2003 മുതൽ 14.07.2004 വരെ ടി സ്കൂളിൽ നിലനിർത്തി നിയമനം അംഗീകാരം നൽകുന്നതിന് വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം

നൽകിയും ഖണ്ഡിക 3(a) യുടെ സംരക്ഷണത്തിന് ടിയാൻ അർഹനല്ലാത്തതിനാലും 17.06.2009 ലെ ജി.ഒ.(പി) 132/09 പ്രകാരം 17.11.2002 ന് മുമ്പുള്ള 51A അവകാശികൾക്ക് പഴയ വിഷയാനുപാതപ്രകാരം (1:1:1) അതത് വിഷയങ്ങളിൽ ഒഴിവ് വന്നാൽ പുനർ നിയമനം നൽകാൻ വ്യവസ്ഥയുണ്ടെങ്കിലും അതനുസരിച്ചും മാത്സ് വിഷയത്തിൽ തസ്തിക ലഭ്യമല്ലാത്ത സാഹചര്യത്തിൽ ബിജു തോമസിന് സംരക്ഷണം നൽകാനാകില്ലാത്തതിനാൽ 13.06.2005 മുതൽ 31.05.2009 വരെയും നിയമനാംഗീകാരം വേണമെന്ന ശ്രീ. ബിജു തോമസിന്റെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽപ്രകാരം റിട്ട് ഹർജി 10391/2019 മേലുള്ള 03.03.2025 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീ.ബിജു തോമസ്, എച്ച്.എസ്.റ്റി. (ഗണിതം), മുളവന എച്ച്.എസ്.എസ്., ആനകുടി പി.ഒ., വാമനപുരം, തിരുവനന്തപുരം.
ഹെഡ്മാസ്റ്റർ, മുളവന എച്ച്.എസ്.എസ്., ആനകുടി പി.ഒ., വാമനപുരം, തിരുവനന്തപുരം.
മാനേജർ, മുളവന എച്ച്.എസ്.എസ്., ആനകുടി പി.ഒ., വാമനപുരം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 012.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ, തിരുവനന്തപുരം-695 101.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/43/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 03-02-2026 10:42:48
സെക്ഷൻ ഓഫീസർ